**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 695

16.7.2012ൽ
മറുപടിയ്ക്ക്

## ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതും കേരളീയ കമ്പോളങ്ങളിൽ നിലവിലുള്ളതുമായ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്റ്റ് പ്രകാരം പരിശോധിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള സംവിധാനമായിട്ടാണ് ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നത്. |
| ബി) ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇവയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; | ബി) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡവലപ്പ്മെന്റിന്റെ കീഴിൽ കോന്നിയിലുള്ള ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയിൽ കേരളത്തിലും പുറത്തും ഉൽപ്പാദിപ്പിച്ച് നമ്മുടെ ആഭ്യന്തരവിപണിയിൽ വിൽക്കുന്ന ഭക്ഷ്യ വസ്തുക്കൾ പരിശോധിച്ച് പോരായ്മകൾ കാണുന്ന പക്ഷം അവ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഭക്ഷ്യ സംസ്ക്കരണ വിപണന ശൃംഖലയിൽ വേണ്ട മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| സി) ഇതിനായി എന്ത് തുക മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത് ; | സി) 25.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ഡി) എത്ര ലബോറട്ടറികളാണ് ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ? | ഡി) സി.എഫ്.ആർ.ഡിയുടെകീഴിൽ ഈ വർഷം കെമിക്കൽ ലാബിന്റെ പ്രവർത്തനം കൂടി ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**